**<u>വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നിയമ നടപടികൾ കർശനമാക്കുന്നു.</u>**

എറണാകുളം റൂറൽ ജില്ലയിൽ വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിൻെറ ഭാഗമായി വാഹന പരിശോധന കർശനമാക്കുന്നതിനും, മോട്ടോർ വാഹന നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിനും എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. പി.എൻ.ഉണ്ണിരാജൻ ഐ.പി.എസ് നിർദ്ദേശം നൽകി.

മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരേയും, മൊബൈൽ ഫോൺ ഉപയോഗിച്ച് വാഹനം ഓടിക്കുന്നവർക്കെതിരേയും കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിക്കുന്നതോടൊപ്പം, അവരുടെ വാഹനവും, മൊബൈൽ ഫോണും ബന്തവസ്സിലെടുത്ത് കോടതിയിൽ ഹാജരാക്കുകയും വാഹനം ഓടിക്കുന്നയാളുടെ ഡ്രൈവിംഗ് ലൈസൻസ് സസ്പെൻറ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

പ്രൈവറ്റ് ബസ്, ടിപ്പർ / ടോറസ്സ് വാഹനങ്ങൾ അമിത വേഗതയിലും, അശ്രദ്ധമായും ഓടിക്കുന്നതും, ടിപ്പർ / ടോറസ്സ് വാഹനങ്ങൾ സ്കൂൾ സമയങ്ങളിൽ ഓടിക്കുന്നതും ശ്രദ്ധയിൽപെട്ടാൽ പ്രസ്തുത വാഹനങ്ങൾ ബന്തവസ്സിലെടുക്കുകയും വാഹനം ഓടിക്കുന്നയാളുടെ ഡ്രൈവിംഗ് ലൈസൻസ് സസ്പെൻെറ് ചെയ്യുന്നതടക്കമുള്ള കർശന നിയമനടപടികളും സ്വീകരിക്കുമെന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചു.